50 മീറ്റർ വരെ സിംഗിൾ ഫേസ് ഓവർഹെഡ് ലൈൻ വലിച്ച് നൽകുന്ന സർവ്വീസ് കണക്ഷന് 11,500 രൂപയും രണ്ട് പോസ്റ്റ് ഉപയോഗിച്ച് 50 മീറ്റർ മുതൽ 100 മീറ്റർ വരെ സിംഗിൾ ഫേസ് ഓവർഹെഡ് ലൈൻ വലിച്ച് നൽകുന്ന സർവ്വീസ് കണക്ഷന് 18,900 രൂപയും മൂന്ന് പോസ്റ്റ് ഉപയോഗിച്ച് 100 മീറ്റർ മുതൽ 150 മീറ്റർ വരെ സിംഗിൾ ഫേസ് ഓവർഹെഡ് ലൈൻ വലിച്ച് നൽകുന്ന സർവ്വീസ് കണക്ഷന് 26,100 രൂപയും നാല് പോസ്റ്റ് ഉപയോഗിച്ച് 150 മീറ്റർ മുതൽ 200 മീറ്റർ വരെ സിംഗിൾ ഫേസ് ഓവർഹെഡ് ലൈൻ വലിച്ച് നൽകുന്ന സർവ്വീസ് കണക്ഷന് 33,700 രൂപയുമാണ് ഈടാക്കിവരുന്നത്.

(ബി) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി വൈദ്യുതീകരണ പദ്ധതിയിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം തൃശ്ശൂർ എന്നീ ജില്ലകളിൽ എല്ലാ ബി.പി.എൽ. വിഭാഗക്കാർക്കും പൂർണ്ണമായി സൗജന്യമായും 1000 ച. അടിക്കു താഴെ പ്ലിന്ത് ഏരിയയുള്ള എ.പി.എൽ. വിഭാഗക്കാർക്ക് വെതർ പ്രൂഫ് ഭാഗത്തിന്റെ മാത്രം എസ്റ്റിമേറ്റ് തുക ഈടാക്കി പോസ്റ്റുകളിലൂടെയുള്ള ഓവർഹെഡ് ലൈൻ നിർമ്മിച്ചുകൊണ്ടും 30-9-2015 വരെ കണക്ഷൻ നൽകുന്നതിനു ഉത്തരവ് നൽകിയിട്ടുണ്ട്. മറ്റു 10 ജില്ലകളിൽ കേന്ദ്ര സർക്കാർ പുതുതായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.)-യിൽ ഉൾപ്പെടുത്തി ബി.പി.എൽ. അപേക്ഷകർക്ക് സൗജന്യമായി വെതർ പ്രൂഫും പോസ്റ്റുകളിലൂടെയുള്ള ഓവർഹെഡ് ലൈനും നിർമ്മിച്ച് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മടവൂർ സെക്ഷന് കീഴിലെ വൈദ്യുതി വിതരണം

24(2012) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. മടവൂർ സെക്ഷന് കീഴിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(ബി) മടവൂർ സെക്ഷന് കീഴിൽ പോങ്ങനാട്, പഴയചന്ത മേഖലയിൽ സ്ഥിരമായി വൈദ്യുതി സപ്ലൈ ഇല്ലാതാകുന്നതും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) വൈദ്യുതി തടസ്സം ഓഫീസിൽ വിളിച്ചറിയിച്ചാൽ ജീവനക്കാർ ഇതു സംബന്ധിച്ച് ആവശ്യമായ സത്വര നടപടി സ്വീകരിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	തസ്തിക	എണ്ണം
1	അസിസ്റ്റന്റ് എഞ്ചിനീയർ	1
2	സീനിയർ സൂപ്രണ്ട്	1
3	സബ് എഞ്ചിനീയർ	1
4	സബ് എഞ്ചിനീയർ ടെയിനി	2
5	ഓവർസീയർ	5
6	ലൈൻമാൻ	12
7	ഇലക്ട്രിസിറ്റി വർക്കർ	6
8	സീനിയർ അസിസ്റ്റന്റ്	2
9	കാഷ്യർ	2

(ബി) ഈ മേഖലയിൽ സ്ഥിരമായി വൈദ്യുതി തടസ്സം ഉണ്ടാകാറില്ല. എന്നാൽ വേനൽ മഴയും ഇടിമിന്നലും അധികമായി ഉണ്ടാകുന്ന ചില അവസരങ്ങളിൽ സാധാരണ ഗതിയിൽ കൂടുതൽ വൈദ്യുതി തടസ്സം ഉണ്ടായിട്ടുണ്ട്. തകരാറുകൾ ഉണ്ടായാൽ സമയബന്ധിതമായി വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാറുണ്ട്.

(സി) വൈദ്യുതി തടസ്സം വിളിച്ചറിയിച്ചാൽ ഉടൻതന്നെ പരാതി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

ഊർജ്ജ പ്രതിസന്ധി പരിഹരിക്കുവാൻ സോളാർ പദ്ധതികൾ

25(2013) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;